"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2024-25 - വികസന ഫണ്ട് - 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും അക്കൗണ്ട് നമ്പറിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റ് ആകാതെ തിരികെ പോയതുമായ തുക - പ്രമാടം ഗ്രാമപഞ്ചായത്തിന് പുനരനുവദിച്ച് ഉത്തരവാകുന്നു.

ധനകാര്യ (എസ്.എഫ്.സി. സെൽ-എ) വകുപ്പ്

സ.ഉ. (സാധാ) നം. 4003/2024/ധന. തീയതി, തിരുവനന്തപുരം, 14.05.2024

പരാമർശം :
1. പ്രമാടം പഞ്ചായത്ത് വകുപ്പ് സെക്രട്ടറിയുടെ 24.02.2024 തീയതിയിലെ കത്ത്.
2. കോന്നി സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.
3. സ.ഉ.(പി) നം. 86/2016/ധന തീയതി 17.06.2016.

ഉത്തരവ്

പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ ഭാഗമായി എസ്.എസ്.പി. ഫണ്ടിൽ നിന്നും ശ്രീമതി പൊന്നമ്മ നാരായണൻ എന്ന ഗുണഭോക്താവിനു അനുവദിച്ചിരുന്നതും, അക്കൗണ്ട് നമ്പറിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റ് ആകാതെ തിരികെ പോയതുമായ 50,000/- രൂപ പുനരനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം പ്രമാടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (2) പ്രകാരം കോന്നി സബ്ട്രഷറി ഓഫീസർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും പരാമർശം (3)-ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, അക്കൗണ്ടിൽ വരവ് വയ്ക്കാതെ തിരികെ 3604-ന്റെ റിക്കവറി ശീർഷകത്തിൽ തിരികെ വരവ് വെക്കുകയും ചെയ്ത തുകയായ 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) 2024-25 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ

3604-00-200-81-(10)-35 എന്ന ശീർഷകത്തിൽ നിന്നും പ്രമാടം ഗ്രാമപഞ്ചായത്തിന് (G030603) പരാമർശം (3)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനരനുവദിച്ച ഉത്തരവാകുന്നു.

മേൽ തുക പിൻവലിച്ച് ഗുണഭോക്താവായ ശ്രീമതി പൊന്നമ്മ നാരായണന്റെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് പ്രമാടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

( ഗവർണറുടെ ഉത്തരവിൻ പ്രകാരം )

സുരേഷ് കുമാർ ഒ.ബി.

ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡയറക്ടർ (റൂറൽ), തിരുവനന്തപുരം
പ്രസിഡന്റ് പ്രമാടം ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ/ഡെവലപ്പ്മെന്റ് വിംഗ്/എസ്.എസ്.) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഇ-2775845)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ